പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 929 **14-10-2026-ൽ മറുപടിയ്ക്ക്**

തൃശ്ശൂർ പീച്ചി സെക്ഷനു കീഴിലുള്ള 36 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നവീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. രാജൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) തൃശ്ശൂർ പീച്ചി സെക്ഷനു കീഴിലുള്ള 36 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ കെട്ടിടത്തിന് ഏകദേശം 50 വർഷം പഴക്കമുള്ളതും നിലവിൽ അതീവ ശോചനീയവും അപകടകരവുമായ അവസ്ഥയിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. പ്രസ്തുത കെട്ടിടം കാലപ്പഴക്കം മൂലം ശോചനീയാവസ്ഥയിലായതിനാൽ ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലം ചേർക്കൽ, ബെഡ് വാഷിംഗ്, ക്ലീനിംഗ് തുടങ്ങിയ അത്യാവശ്യ പ്രവർത്തനങ്ങൾ നിർവഹിക്കുന്ന സമയങ്ങളിൽ മാത്രമേ ജീവനക്കാർ പ്ലാന്റിനുള്ളിൽ ജാഗ്രതയോടെ പ്രവേശിക്കാവൂ എന്നും, പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ശേഷം തൊട്ടടുത്തുള്ള സുരക്ഷിതമായ 20 എം.എൽ.ഡി. പ്ലാന്റിൽ തുടരണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ അപകടാവസ്ഥ പരിഗണിച്ച് ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

മറുപടി: ഉണ്ട്. പ്രസ്തുത കെട്ടിടം കാലപ്പഴക്കം മൂലം ശോചനീയാവസ്ഥയിലായതിനാൽ ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലം ചേർക്കൽ, ബെഡ് വാഷിംഗ്, ക്ലീനിംഗ് തുടങ്ങിയ അത്യാവശ്യ പ്രവർത്തനങ്ങൾ നിർവഹിക്കുന്ന സമയങ്ങളിൽ മാത്രമേ ജീവനക്കാർ പ്ലാന്റിനുള്ളിൽ ജാഗ്രതയോടെ പ്രവേശിക്കാവൂ എന്നും, പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ശേഷം തൊട്ടടുത്തുള്ള സുരക്ഷിതമായ 20 എം.എൽ.ഡി. പ്ലാന്റിൽ തുടരണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലയിലെ കുടിവെള്ളം വിതരണം ചെയ്യുന്ന പ്രധാന ജലശുദ്ധീകരണ പ്ലാന്റിന്റെ നിലവിലെ നവീകരണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

മറുപടി: ജലശുദ്ധീകരണശാലയുടെ നവീകരണ പ്രവൃത്തികൾക്കായി സംസ്ഥാന പദ്ധതി 2026-27-ൽ Rs.1,63,60,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ നിലവിൽ പുരോഗമിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ